## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 3376

18.02.2013 - ലെ മറുപടിയ്ക്ക്

### ന്യൂനപക്ഷക്ഷേമത്തിനായി പദ്ധതികളും ചെലവുവിവരവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. വി. വിജയദാസ് | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പമന്ത്രി) |
| (എ) ന്യൂനപക്ഷക്ഷേമത്തിനായി കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച തുകയിൽ 2013 ഫെബ്രുവരി 1-ന് മുൻപ് എത്ര തുക ചെലവഴിച്ചുവെന്ന് വിശദമാക്കുമോ ; പദ്ധതികൾ തിരിച്ചുള്ള വിവരം നൽകുമോ ; | (എ) ന്യൂനപക്ഷ ക്ഷേമത്തിനായുള്ള 2225-03-800-93 നോൺ പ്ലാൻ ശീർഷകത്തിൽ പുതുക്കിയ ബഡ്ജറ്റ് പ്രകാരം 12,57,48,000/- രൂപ വകയിരുത്തിയതിൽ താഴെ പറയും പ്രകാരം ചെലവഴിക്കപ്പെട്ടു. |

| ക്രമ നമ്പർ | ഇനം | ചെലവായ തുക |
|---|---|---|
| 1 | കേരളത്തിലെ ന്യൂനപക്ഷ വകുപ്പിന്റെ കീഴിലുള്ള വകുപ്പ് ഡയറക്ടറേറ്റ്, മദ്രസ്സാധ്യാപക ക്ഷേമനിധി ഓഫീസ്, ജില്ലാ കളക്ടറേറ്റുകളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ന്യൂനപക്ഷ സെക്ഷനുകൾ എന്നിവയുടെ നടത്തിപ്പിനായുള്ള ഭരണചെലവ്. | 49,40,000/- (നാൽപ്പത്തി ഒൻപത് ലക്ഷത്തി നാൽപതിനായിരം രൂപ മാത്രം) |
| 2 | വകുപ്പിൻ കീഴിൽ അഭ്യസ്തരായ മുസ്ലീം യുവജനതയെ വിവിധ മത്സര പരീക്ഷകളിൽ വിജയിക്കുവാൻ പ്രാപ്തരാക്കുന്നതിനുള്ള ന്യൂനപക്ഷ പരിശീലന കേന്ദ്രം (സംസ്ഥാനത്തുടനീളം ആരംഭിച്ച 9 കേന്ദ്രങ്ങൾ) | 65,50,000/- (അറുപത്തി അഞ്ച് ലക്ഷത്തി അൻപതിനായിരം രൂപാ മാത്രം) |
| 3 | സൈനിക / അർദ്ധ സൈനിക, പോലീസ് എന്നീ വിഭാഗങ്ങളിലെ വിവിധ തസ്തികകളിൽ ന്യൂനപക്ഷ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനായുള്ള കായിക ക്ഷമതാ പരിശീലനം | 4,50,000/- (നാല് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) |

കൂടാതെ 2225-03-800-93-12- സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും- എന്ന ശീർഷകത്തിൽ 6,00,00,000/- രൂപ പൂർണ്ണമായും സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസർക്ക് കൈമാറിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | പുതിയതായി പ്രഖ്യാപിച്ച പദ്ധതികളിൽ ഇനിയും ആരംഭിക്കുവാൻ കഴിയാത്തതായി ഏതെങ്കിലുമുണ്ടോ; | (ബി) | പ്രഖ്യാപിച്ച പദ്ധതികളെല്ലാം അന്തിമ നിർവ്വഹണഘട്ടത്തിലാണ്. |
| (സി) | എങ്കിൽ വിശദാംശവും ആയതിന്റെ കാരണവും വ്യക്തമാക്കാമോ ? | (സി) | ഉദിക്കുന്നില്ല |

സെക്ഷൻ ഓഫീസർ